## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1842 | | | 4.10.2011ൽ മറുപടിയ്ക്ക് |
|---|---|---|---|
| **അംഗൻവാടികൾക്ക് കെട്ടിടം** | | | |
| ചോദ്യം | | | ഉത്തരം |
| ശ്രീ. കെ. രാധാകൃഷ്ണൻ | | | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് ആകെ എത്ര അംഗൻവാടികൾ സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്; | (എ) | സംസ്ഥാനത്ത് ആകെ അനുവദിക്കപ്പെട്ട 33115 അംഗൻവാടികളിൽ 33069 എണ്ണം പ്രവർത്തിച്ചു വരുന്നു. |
| (ബി) | ഇവയിൽ സ്വന്തമായി കെട്ടിടങ്ങൾ ഉള്ള അംഗൻവാടികൾ എത്രയെന്നും വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ എത്രയെന്നും പറയുമോ; | (ബി) | 18253 അംഗൻവാടികൾ സ്വന്തം കെട്ടിടങ്ങളിലും 14816 അംഗൻവാടികൾ വാടക കെട്ടിടങ്ങളിലും സന്നദ്ധ സംഘടനകൾ സൗജന്യമായി നൽകിയിട്ടുള്ള കെട്ടിടങ്ങളിലും പ്രവർത്തിച്ചു വരുന്നു. |
| (സി) | വാസയോഗ്യമല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) | വാസയോഗ്യമല്ലാത്ത കെട്ടിടങ്ങളിൽ അംഗൻവാടികൾ പ്രവർത്തിക്കുന്നതിന് അനുമതി നൽകിയിട്ടില്ല. |
| (ഡി) | വാസയോഗ്യമല്ലാത്തതോ, വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതോ ആയ അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിച്ചുനൽകുവാൻ എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; | (ഡി) | അംഗൻവാടി കേന്ദ്രങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾ ആകയാൽ അവയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളാണ് . |

| | | | |
|---|---|---|---|
| (ഇ) | തദ്ദേശസ്ഥാപനങ്ങൾക്ക് പുറമേ, അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഫണ്ട്കൂടി പ്രയോജനപ്പെടുത്തി അവയ്ക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഇ) | അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ